കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail id : dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)1048/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
Ph.No. 0487 – 2331249
e-mail Id : dotsr.ksad@kerala.gov.in
തിയ്യതി: 14/08/19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

എരുമപ്പെട്ടി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം:- എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ 3-2, 3-3, 3-11 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5) 1048/19 തിയ്യതി :14/08/19

## തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിലെ 01.04.2018 മുതൽ 31.3.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 2018-19 വർഷത്തിൽ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി. ലത. എം.എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04-07-2019 മുതൽ<br>12-07-2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എൻ. സതീശൻ<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീമതി. ലിഷ. കെ.വി<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സുധ. ഇ.എൻ.,<br>അസി. ഓഡിറ്റ് ഓഫീസർ |
| | ഷാജിത.കെ.എം.<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ഇദ്രീസ് അബ്ദുള്ള. എ.സി.<br>ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മീന ശലമോൻ | 01/04/2018 മുതൽ 31/03/2019 വരെ |
| സെക്രട്ടറി | ശ്രീ. കുരിയൻ. ടി.പി | 01-04-2018 മുതൽ 11-10-2018 വരെ. |
| | ശ്രീമതി. സുനന്ദ. ഇ.ആർ (ഇൻ ചാർജ്ജ്) | 12-10-2018 മുതൽ 19-10-2018 വരെ. |
| | ശ്രീ. ഫ്രാൻസിസ്. ഒ.എം | 20-10-2018 മുതൽ 15-03-2019 വരെ. |
| | ശ്രീമതി. സുനന്ദ. ഇ.ആർ (ഇൻ ചാർജ്ജ്) | 16-03-2019 മുതൽ 31-03-2019 വരെ. |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരു വിവരം

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. സെക്രട്ടറി | ശ്രീമതി. വൃന്ദ.വി | 01/04/2018-25/04//2018 |
| | ഒഴിവ് | 26/04/2018 മുതൽ 24/06/2018 വരെ |
| | ശ്രീമതി. സുനന്ദ. ഇ.ആർ | 25/06/2018 മുതൽ 31/03/2019 വരെ. |
| കൃഷി ഓഫീസർ | ശ്രീമതി. ആശമോൾ.പി.പി | 01/04/2018 മുതൽ 31/3/2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഷൈന. എം.ജി. | 01/04/2018 മുതൽ 09/07/2018 വരെ |
| | ശ്രീ. ജ്യോതിരാജ് | 10/07/2018 മുതൽ 31/03/2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. രേഖ. എൻ | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. ഷാർലറ്റ് വിൻസന്റ് | 01-04-2018 മുതൽ 31-03-2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോഷി .ടി.ഐ | 1.4.2018 മുതൽ 31.3.2019 വരെ |
| പ്രധാന അദ്ധ്യാപിക | ശ്രീമതി. ബ്ലൈസി. എം.വി. | 01-04-2018 മുതൽ 31-03-2019 വരെ |
| വി.ഇ.ഒ (കുണ്ടന്നൂർ | ശ്രീമതി. സൂര്യ. | 01-04-2018 മുതൽ 31- |

| | | |
|---|---|---|
| സർക്കിൾ) | കെ.ആർ | 03-2019 വരെ |
| വി.ഇ.ഒ. (എരുമപ്പെട്ടി സർക്കിൾ) | ശ്രീ. ഷാജു. എം.എ | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. രതി. ആർ.മേനോൻ | 01-04-2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. മഞ്ചു. ബി. | 01-04-2018 മുതൽ 13-09-2018 വരെ |
| | ഒഴിവ് | 14-09-2018 മുതൽ 25-12-2018 വരെ |
| | ശ്രീമതി. ബീന. എം.കെ | 26-12-2018 മുതൽ 31-03-2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം – 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം – 2 വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | ബിൽഡിങ് പെർമിറ്റ് പൊതു അപാകതകൾ | 2-1 |
| 14 | ഡി&ഓ ലൈസൻസ് പൊതു അപാകതകൾ | 2-2 |
| 15 | സ്വകാര്യ ആശുപത്രികൾ / പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -ചട്ടങ്ങൾ പാലിക്കാത്ത | 2-3 |

| | | |
|---|---|---|
| | സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്. | |
| 16 | തൊഴിൽ നികുതി അപാകതകൾ | 2-4 |
| 17 | ഇ-ടെണ്ടർ - ടെണ്ടർ ഫോംവില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്. | 2-5 |
| | ഭാഗം-3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 18 | സമഗ്ര നെൽകൃഷി വികസനം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3-1 |
| 19 | പകൽ വീട് - അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം-പകൽവീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-2 |
| 20 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ- യൂണിറ്റ്-നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-3 |
| 21 | ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിന് ലഭിച്ച തുക വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-4 |
| 22 | വിവിധ പ്രവൃത്തികൾക്കായി വിനിയോഗിച്ച തുകകൾ -തിരികെ ലഭിച്ച തുക നാളിതുവരെ തിരികെ അടവാക്കിയിട്ടില്ല | 3-5 |
| 23 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-6 |
| 24 | കരിയന്നൂർ സാംസ്കാരിക നിലയം- കെട്ടിടത്തിലെ വൈദ്യുതി ബന്ധം വിച്ഛേദിച്ചു | 3-7 |
| 25 | തെരുവ് വിളക്ക്- ഗ്രാമപഞ്ചായത്ത്, കെ.എസ്.ഇ.ബി കണക്കുകൾ പൊരുത്തപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-8 |
| 26 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ ലഭിച്ചിട്ടില്ല | 3-9 |

| | | |
|---|---|---|
| 27 | വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി അനുയോജ്യമായ പദ്ധതികൾ ഏറ്റെടുത്തിട്ടില്ല. | 3-10 |
| 28 | പ്രധാന അധ്യാപിക നിർവഹണോദ്യോഗസ്ഥയായ പദ്ധതികളുടെ ഓഡിറ്റ്- അപാകത | 3-11 |
| 29 | റോഡ് കണക്റ്റിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല. | 3-12 |
| 30 | പൊതുമരാമത്ത് പ്രവൃത്തികൾ - കരാറിലേർപ്പെടുന്നതിലുള്ള കാലതാമസത്തിന് പിഴ ഈടാക്കിയില്ല. | 3-13 |
| 31 | ഗുണഭോക്തൃ സമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തി - അപാകതകൾ | 3-14 |
| 32 | പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ തുക പിടിക്കാതെ തുടർ പ്രവൃത്തി നടത്തി | 3-15 |
| 33 | മൃഗാശുപത്രിക്ക് ഇരുമ്പു ഗോവണി - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 3-16 |
| 34 | ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതി -സബ്സിഡി മാർഗ്ഗ രേഖക്ക് വിരുദ്ധമായി പണം അധികം ചെലവഴിച്ചു | 3-17 |
| 35 | ഓഡിറ്റ് ഇംപാക്ട് -കിടാരിയെ വിതരണം ചെയ്യൽ -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പണം തിരികെ ഈടാക്കി | 3-18 |
| 36 | വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-19 |
| | ഭാഗം – 4 | |
| 37 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 38 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 40 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 42 | ഓഡിറ്റ് റിക്കവറി | 4-6 |
| | | |

| | | |
|---|---|---|
| 43 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 46 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| 47 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 48 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

26-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15-02-2019 തീയതിയിലെ 1 ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പ്രതീക്ഷിത വരവ് – 21,56,69,136/-

പ്രതീക്ഷിത ചെലവ് – 21,06,89,000/-

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2019 | 04.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2018-19 | 10.7.19, 11.7.19, |

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,26,78,162 |
| വരവ് | 10,68,47,687 |
| ആകെ | 11,95,25,849 |
| ചെലവ് | 9,09,36,924 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 2,85,88,925 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 19689445 | 19689445 | 18791850 | 897595 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 12956000 | 12956000 | 12956000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8128000 | 8128000 | 7786303 | 341697 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4009000 | 4009000 | 4009000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11239593 | 11239593 | 8769654 | 2469939 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 0 | 0 | 0 | 0 | 0 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 42347307 | 42347307 | 42347307 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 537009 | 537009 | 532978 | 4031 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- TSC | | 20619 | 1447166 | 1467785 | 180000 | 1287785 |
| ICDS | | 122814 | 942881 | 1065695 | 1000000 | 65695 |
| MP FUND | | 0 | 0 | 0 | 0 | 0 |
| PYCKA | | 0 | 0 | 0 | 0 | 0 |
| NMBS | | 0 | 0 | 0 | 0 | 0 |
| Beti Padavo Beti Bachavo | | 10000 | 0 | 10000 | 0 | 10000 |
| PMGY | | 170000 | 0 | 170000 | 0 | 170000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ – പട്ടികജാതി വികസനം | | 0 | 0 | 0 | 0 | 0 |
| ആയുർവ്വേദം | | 194000 | 0 | 194000 | 189563 | 4437 |
| MLA FUND | | 0 | 0 | 0 | 0 | 0 |
| കേരളോൽസവം | | 0 | 20000 | 20000 | 20000 | 0 |
| വിമുക്തി | | 23618 | 25000 | 48618 | 22636 | 25982 |
| Buds School (Kudumbasree Mission) | | 0 | 1250000 | 1250000 | 0 | 1250000 |
| വിധവകളുടെ മക്കളുടെ വിവാഹ ധനസഹായം | | 0 | 480000 | 480000 | 480000 | 0 |
| തൊഴിൽ രഹിത വേതനം | | 0 | 175080 | 175080 | 175080 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് (മൂലധന ചെലവ്) | 1750000 | 0 | 1750000 | 0 | 1750000 |
| | ബ്ളോക്ക് പഞ്ചായത്ത് (റവന്യൂ ചെലവ്) | 0 | 3343900 | 3343900 | 3343900 | 0 |
| | ജില്ലാ പഞ്ചായത്ത് (റവന്യൂ ചെലവ്) | 0 | 2073020 | 2073020 | 2073020 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| തനത് ഫണ്ട് | നാഷണലൈസ്ഡ് ബാങ്ക് – ഇ പേമെന്റ് | 30660 | 286075 | 316735 | 263070 | 53665 |
| | എസ്.ബി.ഐ | 7952068 | 20465124 | 28417192 | 16423485 | 11993707 |
| | എരുമപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് | 261127 | 384476 | 645603 | 359236 | 286367 |
| | ട്രഷറി ടി.എസ്.ബി. (സംയുക്ത പദ്ധതി) | 2870000 | 5418770 | 8288770 | 6538770 | 1750000 |
| | എസ്.ബി.ഐ (എം.ജി.എൻ.ആർ.ജി.എ) | 0 | 537009 | 537009 | 532978 | 4031 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 217 | 9,79,61,742 | 165 | 7,25,25,107 | 44 | 8 | 76.03 |

# 1-7 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 537009 | 537009 | 532978 | 4031 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 42347307 | 42347307 | 42347307 | 0 |

# 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 175080 | 119 |
| കർഷകതൊഴിലാളി പെൻഷൻ | 7259600 | 572 |
| വിധവാപെൻഷൻ | 18422800 | 1544 |
| വാർദ്ധക്യകാലപെൻഷൻ | 27297400 | 2457 |
| വികലാംഗപെൻഷൻ | 5057100 | 407 |
| 50 വയസിനു മുകളിലെ അവിവാഹിത പെൻഷൻ | 3062500 | 260 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 480000 | 16 |

# 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 9.7.19-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10429/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്ററി നിയന്ത്രണം നിലവിലില്ല. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല. ആസ്തി രേഖപ്പെടുത്തുന്നതിനായി രൂപപ്പെടുത്തിയ സചിത്ര സോഫ്റ്റ് വെയർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ല.

പദ്ധതികളുടെ ആസൂത്രണ – നിർവ്വഹണ ഘട്ടങ്ങളുടെ കാര്യക്ഷമത ഭരണ സമിതി യോഗങ്ങളിൽ അജണ്ടയായി വരുന്നില്ല. പല പദ്ധതികളും കലണ്ടർ പ്രകാരം പൂർത്തീകരിക്കപ്പെടുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം കൃത്യമായി പ്രതിമാസം ചേരുന്നില്ല. പൂർത്തിയായ പദ്ധതികളിൽ നിർദ്ദിഷ്ട രീതിയിൽ മോണിറ്ററിംഗ് നടക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15-05-2019 to 17-05-2019 | 2019 ജനവരി, ഫെബ്രുവരി, മാർച്ച് | 1-7-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.09.2009 | 2004-05 മുതൽ 2008-09 വരെ | 26.10.2009 |

# 1-12 വാർഷികകണക്കിലെ അപാകതകൾ

എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷികകണക്കുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

2.വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

2.1തൻവർഷം

2.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2124995 | 1979515 | 149578 | 2667 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2125074 | 1979536 | 149636 | 2255 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (340200199 – other Deposit Revenueന്റെ ലെഡ്ജർ പ്രകാരം) | * (2368/105X100)= 2255 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1389006 | 1325210 | 36704 | 29427 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1388927 | 1325189 | 36646 | 29390 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (340200199 – other Deposit Revenueന്റെ ലെഡ്ജർ പ്രകാരം) | *(30860 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2കുടിശ്ശിക

2.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 810213 | 811120 | 9553 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 546614 | 811120 | 7537 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (347444+226501= 573945/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ** (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 499748 | 365039 | 137376 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 740206 | 365039 | 136152 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) * (316387+460829= 777216/105x100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (142960/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1.1, 2.1.2, 2.2.1,.2.2.2 എന്നി ഖണ്ഡികയിലെ പട്ടികകൾ).

2.4 1/4/2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19ലെ “110100101-Property tax on residential building”എന്ന ശീർഷകത്തിലേയും “110100103-Property tax on non residential building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1 തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.5 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരവും, സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരവും 227086/-രൂപയാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State govt cesses/levies in Property tax control account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. മേൽ പ്രകാരം ലെഡ്ജറിൽ ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 244931/-രൂപയാണ്. (വൗച്ചർ 41800424, 41800521, 41800523 തീ.31/3/2019)

3. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 1336401 |
| 280100104-Prior period income-Property tax on non residential buildings | 237479 |
| 280200105-Prior period income-Service cess on residential buildings | 263940 |
| 280800501-Prior period - Programme expenses | 2644 |

4.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്കഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

6.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 15910763/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 12971611/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. 31.03.2018ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം "Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31.03.2019ലെ ബാലൻസ് ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസന ഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം "Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതു മൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ, തീ.26.07.2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

8. അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ടുകളിൽ 31.03.19 വരെ പാർട്ട് ബിൽ നൽകിയതും എന്നാൽ 31.03.19ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 27333/-രൂപയാണ്. എന്നാൽ 31.03.2019ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital work in progress എന്ന ശീർഷകത്തിൽ ആയത് ഉൾപ്പെടുത്തിയിട്ടില്ല.

9. വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-11ൽ Other fixed assets (410800101) മൂല്യം രേഖപ്പെടുത്തിയത് 431881/-രൂപയാണ്. എന്നാൽ accumulated depreciation other fixed assets രേഖപ്പെടുത്തിയിരിക്കുന്നത് (537420) ആണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനം ചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന ആസ്തികളുടെ വില 2019-20 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബിൽഡിങ് പെർമിറ്റ് പൊതു അപാകതകൾ

<u>അസിസ്റ്റന്റ് എൻജിനിയറുടെ പരിശോധന റിപ്പോർട്ടിൽ സർക്കുലർ പ്രകാരമുള്ള വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്</u>

കെട്ടിടനിർമ്മാണ പെർമിറ്റ്/ക്രമവത്ക്കരണം/പൂർത്തീകരണം എന്നിവയ്ക്കായുള്ള അപേക്ഷകളിൽ അസിസ്റ്റന്റ് എൻജിനിയറുടെ പരിശോധന റിപ്പോർട്ടിൽ, സർക്കുലർ നം.12900/ആർ.എ1/2015 ത.സ്വ.ഭ.വ തിയതി. 02.12.2015 ഖണ്ഡിക – 6 പ്രകാരം അപേക്ഷയുടെ പരിശോധന സംബന്ധിച്ച പ്രധാനവിവരങ്ങൾ ( ഫ്ലോർ ഏരിയ, കാർപ്പെറ്റ് ഏരിയ, എഫ്.എ.ആർ, കവറേജ്, കാർപാർക്കിംഗ്, വസ്തു നികുതിക്കായി കണക്കാക്കുന്ന തറ വിസ്തീർണ്ണം മുതലായവ) ഉൾപ്പെടുത്തുന്നില്ല.പരിശോധന റിപ്പോർട്ടിൽ സർക്കുലർ പ്രകാരമുള്ള വിവരങ്ങൾ ഉൽക്കൊള്ളിക്കേണ്ടതാണ്. ഇതിന് വേണ്ടി ഒരു മാതൃക ഫോർമാറ്റ് തയ്യാറാക്കി ഉപയോഗിക്കാവുന്നതാണ്.

<u>കെ.പി.ബി.ആർ ചട്ടങ്ങൾ പാലിക്കാതെയുള്ള നിർമ്മാണ പ്രവർത്തനം ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

ശ്രീ.അബ്ദുൾ ഖാദർ , തൊമ്മൻ വളപ്പിൽ എന്നവരുടെ ഉടമസ്ഥതയിൽ ഉള്ള 5/530-A നമ്പർ കെട്ടിടത്തിനോട് അനുബന്ധമായി നിർമ്മിച്ചിട്ടുള്ള വാച്ച്മാൻ റൂം കെ.പി.ബി.ആർ ചട്ടങ്ങളിലെ ചട്ടം 27,28 എന്നിവ പാലിക്കുന്നില്ല എന്ന് അസിസ്റ്റന്റ് എൻജിനിയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി കെട്ടിടം നിയമാനുസൃതം പുനർനിർമ്മിക്കുകയോ, അല്ലെങ്കിൽ പൊളിച്ച് നീക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 10.12.2018 ലെ A3-5658/18 കത്ത് പ്രകാരം സെക്രട്ടറി ടിയാളെ അറിയിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിൻമേൽ തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല .ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 ഡി&ഓ ലൈസൻസ് - പൊതു അപാകതകൾ

<u>സർക്കാർ ഉത്തരവ് പാലിക്കേണ്ടതാണ്.</u>

വ്യവസായങ്ങൾക്കും, ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൽക്കും മറ്റു സേവനങ്ങൽക്കും ലൈസൻസ് അനുവദിക്കൽ G.O(P)No.80/2017/LSGD തിയതി.31.10.2017 ഉത്തരവ് പ്രകാരം ആവശ്യമായ മാറ്റങ്ങളോട് കൂടി നടപ്പിലാക്കേണ്ടതാണ്.

<u>ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.</u>

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി&ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള നിരവധി കല്ല്യാണ മണ്ഡപങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും താഴെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

1.ഏദൻ പാലസ് ഓഡിറ്റോറിയം, ചിറ്റണ്ട.

2.വോൾഗ ഓഡിറ്റോറിയം, മങ്ങാട് .

3.ഐശ്വര്യ ഓഡിറ്റോറിയം, എരുമപ്പെട്ടി.

ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(ഓഡിറ്റ് എൻക്വയറി-16/09-07-2019) ക്ക് മറുപടി ലഭ്യമായിട്ടില്ല.

# 2-3 സ്വകാര്യ ആശുപത്രികൾ / പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ -ചട്ടങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് സ്വകാര്യ ആശുപത്രികൾ / പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്.

1.ഡോ.ജമീൽസ് ഡെൻന്റൽ & മാക്സോ ഫേഷൻ ക്ലിനിക്ക്, എരുമപ്പെട്ടി

2.അശ്വതി ക്ലിനിക്കൽ ലബോറട്ടറി, കുണ്ടന്നൂർ

# 2-4 തൊഴിൽ നികുതി അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി താഴെ പറയുന്നവരിൽ നിന്നും ഈടാക്കിയിട്ടില്ല /കുറവ് ഈടാക്കി

| ജീവനക്കാരന്റെ പേര് | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം | അർദ്ധ വർഷത്തിലെ വരവ് | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | ബാക്കി |
|---|---|---|---|---|---|---|
| ശ്രീമതി. വിലാസിനി. എം.എസ് | ജി.എൽ.പി.എസ് കുട്ടഞ്ചേരി | 1 | 60580 | 600 | 450 | 150 |
| വിജി.എം.വി | MGNREGS എരുമപ്പെട്ടി | 1 | 95810 | 750 | 0 | 1500 |
| | | 2 | 91790 | 750 | 0 | |

(ഓഡിറ്റ് എൻക്വയറി നം.18/09.07.2019).

## 2-5 ഇ-ടെണ്ടർ - ടെണ്ടർ ഫോം-വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പണികളിൽ ഇ – ടെണ്ടർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില സർക്കാർ ഉത്തരവ് (എം.എസ്) 318/2013 ത.സ്വ.ഭ.വ. തീയതി 28-9-2013 പ്രകാരം ജില്ലയിലെ എൽ, എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 24,100/- രൂപ എൽ.എസ്.ജി.ഡി എക്സി.എഞ്ചിനീയറുടെ പേരിൽ തുടങ്ങിയ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ടി തുകയും, മുൻ വർഷങ്ങളിൽ ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളതിൽ ലഭ്യമാകാൻ ബാക്കി തുകയുണ്ടെങ്കിൽ ആയതും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമഗ്ര നെൽകൃഷി വികസനം- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

നിർവ്വഹണം-കൃഷി ഓഫീസർ

സമഗ്ര നെൽകൃഷി വികസനത്തിന്റെ ഭാഗമായി നെൽവിത്തുകൾ വാങ്ങി പാടശേഖര സമിതി സെക്രട്ടറിമാർ മുഖേന കർഷകർക്കു വിതരണം ചെയ്തിട്ടുണ്ട്.സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ ) നം.22/18 / ത.സ്വ.ഭ.വ, തിരുവനന്തപുരം, തിയതി 14.2.18 ഖണ്ഡിക നം.2.12.1 പ്രകാരം 2 ഹെക്ടറിലധികം നെൽകൃഷി നടത്തുന്ന കർഷകർക്ക് രണ്ട് ഹെക്ടർ വരെയുള്ള നെൽകൃഷിക്ക് നൽകി വരുന്ന എല്ലാ ആനുകൂല്യങ്ങളും നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കർഷകർ ഹാജരാക്കിയ വിതരണ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭൂമിയുടെ അളവിന് ആനുപാതികമായതിലും അധികമാണ് നെൽവിത്ത് വിതരണം ചെയ്തിട്ടുള്ളത്. ആയതു പ്രകാരം അധികം വിതരണം ചെയ്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. (100 സെന്റിന് 30 kg വീതം)

| ക്രമ നം. | ഗുണഭോക്താവ്, പാടശേഖര സമിതി | ഭൂമിയുടെ അളവ് സെന്റിൽ | വിതരണം ചെയ്ത വിത്തിന്റെ | അർഹമായ വിത്തിന്റെ അളവ് (കി.ഗ്രാം) | അധികം നൽകിയ വിത്തിന്റെ |
|---|---|---|---|---|---|

| | | (സ്റ്റേറ്റ്മെന്റ് പ്രകാരം) | അളവ് (kg) | | അളവ് (കി.ഗ്രാം) |
|---|---|---|---|---|---|
| 1 | സോണി.എഫ്, കുന്നത്തേരി പാടശേഖര സമിതി | 600 | 180 | 150 | 30 |
| 2 | സോണി.എഫ്, കുന്നത്തേരി പാടശേഖര സമിതി(മുണ്ടകൻ) | 600 | 180 | 150 | 30 |
| 3 | അബൂബക്കർ,ചിറ്റണ്ട ചാത്തംകുളം പാടശേഖരസമിതി | 539 | 161.700 | 150 | 11.700 |
| 4 | മോഹനൻ.കെ.എസ്,ചിറ്റണ്ട ചാത്തംകുളം പാടശേഖരസമിതി | 537 | 161.100 | 150 | 11.700 |
| 5 | ജിഷ വേണുഗോപാൽ, മഞ്ഞാർപ്പാടം നെല്ലുൽപാദകസമിതി | 650 | 195 | 150 | -45 |
| 6 | ജോസ്.പി.വി, കുന്നത്തേരി പാടശേഖര സമിതി(മുണ്ടകൻ) | 800 | 240 | 150 | -90 |

സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 പകൽ വീട് - അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം- പകൽവീട് പ്രവർത്തനം ആരംഭിച്ചിട്ടില്ല

2018-19 സാമ്പത്തികവർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി പകൽവീട്ടിലേക്ക് ഉപകരണങ്ങൾ എന്ന പ്രൊജക്ട് നടപ്പാക്കുകയും, പകൽ വീട് പ്രവർത്തനക്ഷമമാക്കുന്നതിന് അലമാര-1, ടേബിൾ-1, ദിവാൻകോട്ട്-1, ടെലിവിഷൻ-1, കസേര-20, വാട്ടർടാങ്ക് 1000ലിറ്റർ-1, മോട്ടോർ പമ്പ്സെറ്റ്-1 എന്നിവ വാങ്ങി (മോട്ടോർ പമ്പ്സെറ്റ്-1 ഫിറ്റ് ചെയ്യാതെ അംഗൻവാടി നമ്പർ 18 ൽ സൂക്ഷിച്ചിരിക്കുന്നു.) പകൽവീട്ടിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. 12.7.19ൽ നടത്തിയ സ്ഥലപരിശോധനയിൽ പകൽവീടിന്റെ പ്രവർത്തനത്തിന് അനുയോജ്യമായ രീതിയിൽ സൗകര്യപ്രദമായ കെട്ടിടമല്ല സജ്ജമാക്കിയിട്ടുള്ളത് എന്നു കാണപ്പെട്ടു. കെട്ടിടത്തിന്റെ താഴത്തെ നിലയിൽ ഒരു റൂമും, ബാത്ത്റൂമും മാത്രമാണ് ഉള്ളത്. മുകൾനിലയിൽ ഹാൾ സജ്ജീകരിച്ചിട്ടുണ്ടെങ്കിലും ഫ്ലോറിംഗ് പൂർത്തീകരിച്ചിട്ടില്ല. താഴത്തെ നിലയിലുള്ള മുറിയിൽ അലമാര, ടേബിൾ, ദിവാൻകോട്ട് എന്നിവ മാത്രം ഉൾക്കൊള്ളിക്കാനുള്ള സൗകര്യമാണ് ഉള്ളത്. കസേരകൾ ഇടുന്നതിനുള്ള സൗകര്യം പ്രസ്തുത മുറിയിൽ ഇല്ല. കെട്ടിടത്തിനു പുറത്ത് വാട്ടർടാങ്ക് സൂക്ഷിച്ചിരിക്കുന്നു.ആയത് മുകളിലെ ഹാളിലേക്ക് മാറ്റി സമീപത്തുള്ള അംഗൻവാടിയിലെ വാട്ടർകണക്ഷനിൽ നിന്നും വാട്ടർടാങ്കിലേക്ക് വെള്ളം അടിച്ചു കയറ്റുന്നതിനാണ് മോട്ടോർ വാങ്ങിയിരിക്കുന്നതെന്ന് എക്സിറ്റ് യോഗത്തിൽ ബന്ധപ്പെട്ടവർ അറിയിക്കുകയുണ്ടായി.

കേരള വയോജനവേദി, ചിറ്റണ്ട 10.10.18-ൽ വിവരാവകാശ നിയമപ്രകാരം നൽകിയ അപേക്ഷക്ക് മറുപടിയായി പകൽവീടിന്റെ ഉദ്ഘാടനം 6.10.18-ൽ നടന്നതായും, പകൽവീട്ടിലെ ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലെന്നും, സ്ഥാപനത്തിന്റെ നടത്തിപ്പിന്

ജീവനക്കാരെ നിയമിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.പകൽവീടിന്റെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/9.7.19നുള്ള മറുപടിയായി ചിറ്റണ്ട കേന്ദ്രമായി വയോജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്ന വയോജനവേദി പഞ്ചായത്ത് സഹകരണത്തോടെ നടത്തുന്ന പരിപാടികൾക്കാണ് നാളിതുവരെ പകൽവീട് ഉപയോഗിച്ചു വരുന്നത് എന്നാണ് അറിയിച്ചത്.

വയോജനങ്ങൾക്ക് പകൽ സമയം വിനോദത്തിനും വിശ്രമത്തിനും അനുയോജ്യമായ രീതിയിൽ പകൽവീട്ടിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി പകൽ വീട് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-3 മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ യൂണിറ്റ്-നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് മാലിന്യ സംസ്കരണ കേന്ദ്രം യൂണിറ്റിനായി 10 ലക്ഷം രൂപയും വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 17.50 ലക്ഷം രൂപയും വകയിരുത്തി 2017-18 സാമ്പത്തികവർഷം തയ്യാറാക്കിയ പ്രൊജക്ടിൽ 2017-18 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 17.50 ലക്ഷം രൂപ ലഭിച്ചിരുന്നു. എന്നാൽ നാളിതുവരെ തുക വിനിയോഗിച്ചിട്ടില്ല.

തുക വിനിയോഗിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/9.7.19 നുള്ള മറുപടിയിൽ പരിസരവാസികളുടെ എതിർപ്പ് മൂലം പദ്ധതി നടപ്പാക്കാനുദ്ദേശിച്ച സ്ഥലത്ത് പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്നും സ്ഥലം മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്തിന്റെ വികസനഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന് അനുവദിച്ച തുക അടിയന്തിരമായി വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പദ്ധതി നടപ്പാക്കുന്നതിനുള്ള സാഹചര്യം നിലവിലില്ലായെങ്കിൽ തുക തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 3-4 ബഡ്സ് സ്ക്കൂൾ സ്ഥാപിക്കുന്നതിന് ലഭിച്ച തുക വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

തൃശ്ശൂർ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ ഉത്തരവ് നമ്പർ 749/ബഡ്സ്/കെ.സി.എസ്/ ടി.എസ്.ആർ തിയതി.26.9.18 പ്രകാരം എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിൽ ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിനായി 12.5 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.പഞ്ചായത്ത് ഭരണസമിതിയുടെ 6.2.18 ലെ 25(12) നമ്പർ തീരുമാനപ്രകാരം എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കുട്ടികൾ നിലവിൽ സമീപപ്രദേശങ്ങളിലെ സ്പെഷൽ സ്കൂളുകളിൽ പ്രവേശനം നേടിയിട്ടുള്ളതിനാൽ പഞ്ചായത്തിലെ ബഡ് സ് സ്കൂൾ പ്രവർത്തനത്തിന് ആവശ്യമായ കുട്ടികളെ ലഭിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ലാത്തതിനാൽ നിലവിലുള്ള ബഡ്സ് സ്കൂൾ കെട്ടിടം ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററായി മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ട്.ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിന് അടിസ്ഥാനസൗകര്യങ്ങൾ ഇനിയും ഒരുക്കേണ്ടതുള്ളതിനാൽ തുക വിനിയോഗിക്കുന്നതിനുള്ള കാലയളവ് ദീർഘിപ്പിച്ചു നൽകുന്നതിന് 7.3.19 ലെ എ2-213/2019 കത്തു പ്രകാരം ജില്ലാ മിഷൻ കോർഡിനേറ്ററെ അറിയിച്ചിട്ടുണ്ട്.ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിന് ലഭ്യമായ തുക ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനായി വിനിയോഗിക്കുന്നതിനുള്ള അനുമതി തുക അനുവദിച്ച സ്ഥാപനത്തിൽ നിന്നും നേടിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.23/9.7.19)

# 3-5 വിവിധ പ്രവൃത്തികൾക്കായി വിനിയോഗിച്ച

# തുകകൾ -തിരികെ ലഭിച്ച തുക നാളിതുവരെ തിരികെ അടവാക്കിയിട്ടില്ല

2018-19 സാമ്പത്തികവർഷം വാർഷികകണക്ക് പ്രകാരം ബാലൻസ് ഷീറ്റ്,ബി-9 അദർ ലയബിലിറ്റീസ് ഹെഡിൽ റീഫണ്ട് ഓഫ് അൺയൂട്ടിലൈസ്ഡ് ഗ്രാന്റ്സ് ഓഫ് പ്രയോർ പിരീഡ് ശീർഷകത്തിൽ 603151/- രൂപ ബാലൻസ് രേഖപ്പെടുത്തിയിട്ടുണ്ട്.ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക | ഫണ്ട് | കുറിപ്പുകൾ |
|---|---|---|---|---|
| 1 | അക്ഷയ പ്രൊജക്റ്റ് | 354940 | വികസനഫണ്ട്-100000/- | ബാക്കി തുക 204940/- ഏതു ഫണ്ടിൽ നിന്നാണ് ലഭിച്ചതെന്ന പരിശോധിക്കേണ്ടതാണ്. |
| 2 | മൊബിലൈസേഷൻ അഡ്വാൻസ് തിരികെ ലഭിച്ചത് | 75000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | -------- |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് തിരികെ ലഭിച്ചത് | 100000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ------ |
| 4 | ഇ.എം.എസ് ഹൗസിംഗ് തുക തിരികെ ലഭിച്ചത് | 73211 | വികസനഫണ്ട്-100000/- | ---------- |
| | | 603051 | | |

മേൽ തുക അതാതു ഹെഡുകളിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം.21/9.7.19)

# 3-6 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം-സെക്രട്ടറി

2018-19 സാമ്പത്തികവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങൾക്കനുവദിച്ച തുകകളുടെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | ട്രഷറി ബിൽ നം. | തുക കൈപ്പറ്റിയ സ്ഥാപനം | തുക |
|---|---|---|---|---|
| 10/19 | ഐ.കെ.എം ന് വിഹിതം നൽകൽ | 3/13.6.18 | ഐ.കെ.എം തിരുവനന്തപുരം | 63000/- |
| 13/19 | സുശാന്തം-വയോജനക്ഷേമ വിഭവ കേന്ദ്രം | 47/13.6.18 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 50000/- |
| | | | | 113000/- |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവു തുക 113000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 കരിയന്നൂർ സാംസ്ക്കാരിക നിലയം- കെട്ടിടത്തിലെ വൈദ്യുതി ബന്ധം വിഛേദിച്ചു

നിർവ്വഹണം-സെക്രട്ടറി

പ്രൊജക്റ്റ് നം.142/19

ചെലവു തുക-50000/-(വികസനഫണ്ട് എസ്.സി.പി)

ട്രഷറി ബിൽ നം-15/26.7.18

കരിയന്നൂരിൽ 2014-15ൽ പണിത സാംസ്കാരിക കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്യുന്നതിനാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ ചെയ്തതിന് കരാറുകാരനും, എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കിയതിന് ഇലക്ട്രിക്കൽ വിംഗിന് സൂപ്പർവിഷൻ ചാർജ്ജും ,വൈദ്യുതി കണക്ഷന് കെ.എസ്.ഇ.ബി.ക്കും തുക അനുവദിച്ചിട്ടുണ്ട്.

12.7.19 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിലെ വൈദ്യുതി ബന്ധം വിഛേദിച്ച അവസ്ഥയിലാണ് കാണപ്പെട്ടത്. മീറ്റർ ബോക്സിനുള്ളിൽ മീറ്ററോ, ഇലക്ട്രിക് പോസ്റ്റിൽ നിന്നും കെട്ടിടത്തിലേക്ക് വൈദ്യുതി കണക്ട് ചെയ്യുന്ന സർവ്വീസ് വയറോ കാണുന്നില്ല. മീറ്റർ ബോക്സിനു മുകളിൽ (കൺസ്യൂമർ നം.1156849027352) വൈദ്യുതി ബന്ധം 16.10.18 ൽ വിഛേദിച്ചതായി നോട്ടീസ് പതിപ്പിച്ചിട്ടുണ്ട്.കാട്ടു പിടിച്ച് കിടന്നിരുന്ന പ്രസ്തുത സ്ഥലം വെട്ടി വീശി വൃത്തിയാക്കിയതായും കാണപ്പെട്ടു. സർവ്വീസ് വയർ ഉൾപ്പെടെ വൈദ്യുതി ബന്ധം വിച്ഛേദിക്കാനുണ്ടായ സാഹചര്യം കെ.എസ്.ഇ.ബി. അധികൃതരിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

വൈദ്യുതി കണക്ഷൻ ലഭ്യമായ ദിവസം മുതൽ നാളിതുവരെ ഗ്രാമപഞ്ചായത്തിൽ നിന്നും ബിൽ അടച്ചിട്ടില്ലാത്തതാണ്. വൈദ്യുതി ബന്ധം പുനസ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും, കെട്ടിടത്തിന്റെ നടത്തിപ്പ് ചുമതല പ്രദേശവാസികളെ ഏൽപ്പിച്ചു കൊടുക്കേണ്ടതുമാണ്.

# 3-8 തെരുവു വിളക്ക്- ഗ്രാമപഞ്ചായത്ത്, കെ.എസ്.ഇ.ബി. കണക്കുകൾ പൊരുത്തപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2017-18, 2018-19 സാമ്പത്തികവർഷങ്ങളിലായി പുതിയ എൽ.ഇ.ഡി ബൾബുകൾ സ്ഥാപിക്കുന്ന പ്രൊജക്റ്റുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

പ്രൊജക്റ്റ് നം.201/19

വൗച്ചർ നം -21801578/13.3.19 തുക- 450000/-

| വർഷം | പ്രൊജക്റ്റ് | സ്ഥാപിച്ച എൽ.ഇ.ഡിയുടെ എണ്ണം |
|---|---|---|
| 2017- | എൽ.ഇ.ഡി | 194 |

| | | |
|---|---|---|
| 18 | ഇൻസ്റ്റലേഷൻ (ജനറൽ) | |
| 2017-18 | എൽ.ഇ.ഡി ഇൻസ്റ്റലേഷൻ (എസ്.സി) | 285 |
| 2018-19 | എൽ.ഇ.ഡി ബൾബ് വാങ്ങൽ | 776 |
| | | 1255 |

വിവിധ സ്ഥലങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി നൽകിയ അനുമതി പത്രം, കെ.എസ്.ഇ.ബി നൽകിയ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്എന്നിവ ഹാജരാക്കിയിട്ടില്ല.ആയതിനാൽ തന്നെ കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെയാണ് തെരുവു വിളക്ക് സ്ഥാപിക്കുന്നതെന്ന് വ്യക്തമാകുന്നു.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ് കെ.എസ്.ഇ.ബി യിൽ അടവാക്കുമ്പോൾ കെ.എസ്.ഇ.ബി ലഭ്യമാക്കുന്ന ഇൻവോയ്സ് (ഡിമാന്റ് നോട്ടീസ് ഇനം തിരിച്ച കണക്ക്) ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ കെ.എസ്.ഇ.ബി ഡിമാന്റിൽ ഉൾപ്പെടുത്തിയ മുഴുവൻ ഇനങ്ങളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവയാണോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.ഓഡിറ്റ് എൻക്വയറി നം.8 നുള്ള മറുപടിയായി നിലവിലുള്ള സി.എഫ്.എൽ ലൈറ്റുകൾക്കു പകരം സംവിധാനമായാണ് എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചതെന്നു അറിയിച്ചിട്ടുണ്ട്. ആയതിനാൽ കെ.എസ്.ഇ.ബിയുടെ ഡിമാന്റിൽ ഉൾപ്പെട്ട സി.എഫ്.എൽ ലൈറ്റുകൾക്കു പകരം എൽ.ഇ.ഡി ബൾബുകൾ ഡിമാന്റിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.കെ.എസ്.ഇ.ബിയുടെ അനുമതിയോടു കൂടി മാത്രം തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ ചെലവു തുക 450000/- രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.

# 3-9 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ -മരുന്നുകൾ ലഭിച്ചിട്ടില്ല

നിർവ്വഹണം -സെക്രട്ടറി

പ്രൊജക്ട് നം-18/19

ട്രഷറി ബിൽ നം-30/17.12.18

ചെലവു തുക-50000/-

ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ പ്രൊജക്ടിന്റെ ഭാഗമായി മേൽ തുക ഹോംകോ, ആലപ്പുഴയുടെ അക്കൗണ്ടിലേക്ക് (നം.34306403911) ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.എന്നാൽ മരുന്നുകൾ നാളിതു വരെ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 3-10 വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി അനുയോജ്യമായ പദ്ധതികൾ ഏറ്റെടുത്തിട്ടില്ല.

പതിമൂന്നാം പഞ്ചവത്സരപദ്ധതി പദ്ധതി മാർഗ്ഗരേഖ ജി.ഒ(എം.എസ്)11/2018 ത.സ്വ.ഭ.വ തീയതി.29.1.18 ക്രമനം.6.3പ്രകാരം വനിതകളുടെ സാമൂഹ്യ സാമ്പത്തികപദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടകപദ്ധതി

തയ്യാറാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.സ്ത്രീകളുടെ തൊഴിലും,വരുമാനവും സാമൂഹ്യപദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.വനിതാഘടകപദ്ധതിയിൽ ഏറ്റെടുക്കാവുന്ന പൊതു പ്രൊജക്ടുകളുടെ വിവരങ്ങളും പ്രസ്തുത ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ളതാണ്.2018-19 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിൽ ഈ നിർദ്ദേശങ്ങളിൽ നിന്നും വ്യത്യസ്തമായി ജനറൽ,എസ്.സി വിഭാഗങ്ങളിലെ വനിതകൾക്ക് കന്നുകുട്ടിപരിപാലനം,സമഗ്ര പച്ചക്കറി വികസനം എന്നീ പ്രൊജക്ടുകളാണ് വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹണം നടത്തിയിരിക്കുന്നത്.സമഗ്ര പച്ചക്കറി വികസനം വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രൊജക്ടാണെങ്കിലും പച്ചക്കറി വിത്തുകൾ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും പുരുഷൻമാരായിരുന്നു.

വനിതാഘടകപദ്ധതിയിൽ ഉൾപ്പെടുത്താൻ അനുയോജ്യമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-11 പ്രധാന അധ്യാപിക നിർവഹണോദ്യോഗസ്ഥയായ പദ്ധതികളുടെ ഓഡിറ്റ്- അപാകത

1) പ്രോജക്റ്റ് നം-38/19
എൽ പി സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം

അടങ്കൽ-679811

ചെലവ്-669974

ബിൽ നം-2/18-19 തി.26-7-18-66512

ബിൽ നം-3/18-19 തി.30-8-18-80851

ബിൽ നം-4/18-19 തി.25-9-18-47803

ബിൽ നം-6/18-19 തി.27-10-18-77433

ബിൽ നം-7/18-19 തി.23-11-18-87233

ബിൽ നം-9/18-19 തി.18-12-18-87262

ബിൽ നം-12/18-19 തി.19-1-18-62772

ബിൽ നം-13/18-19 തി.19-2-18-79286

ബിൽ നം-15/18-19 തി.14-3-18-34080

ബിൽ നം-16/18-19 തി.25-3-18-46702

മേൽ പ്രോജക്റ്റ് പ്രകാരം ജി എൽ പി സ്കൂൾ എരുമപ്പെട്ടി,ജി എൽ പി സ്കൂൾ കുട്ടഞ്ചേരി എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനായി 669974 രൂപ ചെലവഴിച്ചിട്ടുണ്ട്.മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു

2018-19 വർഷത്തെ പദ്ധതി മാർഗ്ഗരേഖ സ ഉ(കൈ) നം 22/2018/തസ്വഭവ തിരുവനന്തപുരം തി.14-2-18

ഖണ്ഡിക 7.8.3 പ്രകാരം പ്രോജക്റ്റിന് സ്പോൺസർഷിപ്പിലൂടെ വിഭവ സമാഹരണം നടത്താവുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ അപ്രകാരമുള്ള നടപടികൾ ഒന്നും നടത്തിയതായി കാണുന്നില്ല

2)വിദ്യാർത്ഥികൾക്ക് വിവിധ തിയ്യതികളിൽ ഭക്ഷണം നൽകിയതിന് (സമൂസ,ബ്രഡ്,ചപ്പാത്തി) സക്കീർ കെ എ എന്നവർക്ക് 187440 രൂപയും,പഴം പച്ചക്കറി എന്നിവ സപ്ളെ ചെയ്തതിന് അബ്ദുൾ റഹിമാൻ എന്നവർക്ക് 145290 രൂപയും, എരുമപ്പെട്ടി സ്കൂളിന് പലവ്യഞ്ജനം സപ്ളെ ചെയ്തതിന് സഖറിയ,ജോസഫ് എന്നവർക്കായി 96735 രൂപയും കുട്ടഞ്ചേരി സ്കൂളിന് പലവ്യഞ്ജനം സപ്ളെ ചെയ്തതിന് അരുൺ സ്റ്റോഴ്സിന് 51950 രൂപയും കുട്ടഞ്ചേരി സ്കൂളിന് പഴം പച്ചക്കറി സപ്ളൈ ചെയ്തതിന് സജീവ് എന്നവർക്ക് 28081 രൂപയും അപ്രകാരം 509496 രൂപ സാധനങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ആയതിനായി ജി ഒ (പി)നം 259/2010/ ത സ്വ ഭ വ തി.8-11-10 പ്രകാരമുള്ള ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. വിവിധ സ്ഥാപനങ്ങൾ ലഭ്യമാക്കിയ ബില്ലുകളിൽ ഭൂരിഭാഗവും എച്ച് എം സാക്ഷ്യപ്പെടുത്തിയിട്ടില്ല. ജോസഫ്.എം.വി.യുടെ ബില്ലുകളിൽ ഭൂരിഭാഗവും സപ്ളെ ചെയ്തതിന് ആർക്കാണ് സാധനം സപ്ളെ ചെയ്തിരിക്കുന്നത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
3) പ്രോജക്ട് നം. 12/19

പ്രോജക്ടിന്റെ പേര് ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം
ബിൽ നം.10/18-19 തീയതി 18.02.18 തുക 100000/-

മേൽപ്രോജക്റ്റ് പ്രകാരം സ്കൂൾ വിദ്യാർത്ഥികൾക്ക് ഭക്ഷണം (ബ്രഡ്,പഴം ,പാൽ എന്നിവ) സപ്ളെ ചെയ്തതിന് അബ്ദുൾ റസാക്ക് എന്നവർക്ക് ഒരു ലക്ഷം നൽകിയിട്ടുണ്ട്. ഹൈസ്കൂൾ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്ഥാപനമല്ല. പഞ്ചായത്തുകളുടെ അധികാര പരിധിയിൽ എൽ.പി. യു.പി. സ്കൂളുകൾ മാത്രമാണ് വരുന്നത്. മാർഗ്ഗരേഖ പ്രകാരം ഇത്തരം പ്രോജക്റ്റുകൾക്കായി ബ്ളോക്ക് പഞ്ചായത്ത്, നഗര ഭരണ സ്ഥാപനങ്ങൾ എന്നിവക്കു മാത്രമാണ് തുക ചെലവഴിക്കാൻ കഴിയുന്നത്. വിദ്യാർത്ഥികൾക്ക് ഭക്ഷണം വാങ്ങുന്നതിനായി ഒരു ലക്ഷം രൂപയുടെ സാധനങ്ങളാണ് വാങ്ങിയിരിക്കുന്നത്. ആയതിനായി ജി ഒ (പി)നം 259/2010/ ത.സ്വ.ഭ.വ. തി.8-11-10 പ്രകാരമുള്ള ടെണ്ടർ/ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4)) പ്രോജക്റ്റ് നം-25/19
പ്രോജക്റ്റിൻെറ പേര്-എസ് എസ് എ യ്ക്ക് ധനസഹായം
ബിൽ നം 1/18-19 തി 17-7-18 തുക 500000

മേൽ പദ്ധതി പ്രകാരം അഞ്ചു ലക്ഷം രൂപ എസ്.എസ്.എ.യ്ക്ക് വിഹിതമായി അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ചെലവു സ്റ്റേറ്റ്മെൻറ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

# 3-12 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017-ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. എരുമപ്പെട്ടി ഗ്രാമ പഞ്ചായത്തിൽ നാളിതുവരെയായി ഇവ തയ്യാറാക്കിയിട്ടില്ല. റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-13 പൊതുമരാമത്ത് പ്രവൃത്തികൾ - കരാറിലേർപെടുന്നതിലുള്ള കാലതാമസത്തിന് പിഴ ഈടാക്കിയില്ല.

പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ ക്ഷണിച്ച് കരാറുകാരനെ അംഗീകരിച്ച കഴിഞ്ഞാൽ സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസത്തിനുള്ളിൽ കരാറിലേർപ്പെടണമെന്നും 14 ദിവസത്തിനു ശേഷം ഏർപ്പെടുന്ന കരാറുകളിൽ കരാറുകാരനിൽ നിന്നും 1% തുക പിഴയായി ഈടാക്കണമെന്നും പൊതു മരാമത്ത് മാനുവൽ 2012 ഖണ്ഡിക 2009.6 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ പൊതു മരാമത്ത് പ്രവൃത്തികളിൽ കരാറിലേർപ്പെടാൻ ഉണ്ടായ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | അടങ്കൽ | അഗ്രീഡ് പി.എ.സി. | സെലക്ഷൻ നോട്ടീസ് തീയതി | കരാറിൽ ഏർപ്പെട്ട തീയതി | ചെലവ്, ബിൽ നമ്പർ, തീയതി | കരാറുകാരൻ |
|---|---|---|---|---|---|---|
| 136/19<br>കാഞ്ഞിരക്കോട് കുടിവെള്ള പദ്ധതിക്ക് ടാങ്ക് നിർമ്മാണം | 3,00,000 | 2,88,844 | 30-06-18 | 9-8-18 | 1,24,873/-<br>101/27-3-19 | പി.എസ്. സുനീഷ് |
| S0176/19<br>ബഡ്സ് സ്കൂൾ കുടിവെള്ള പദ്ധതി | 2,00,000 | 2,00,000 | 15-1-18 | 31-3-18 | 78,000/-<br>77/19-3-19 | സന്തോഷ് കുമാർ. എം.ബി |
| S0181/19<br>എസ്.സി. സങ്കേതങ്ങളിൽ പൊതു കിണർ കുടിവെള്ള ശുദ്ധീകരണം | 3,00,000 | 2,87,776 | 28-1-17 | 31-3-18 | 2,25,096/-<br>23/31-7-18 | സുധീഷ്. പി.കെ |
| S0184/19<br>ആറ്റത്ര സ്കൂളിന് ശൗചാലയം | 1,50,000 | 1,36,489 | 30-12-17 | 7-3-18 | 1,22,149 | അബ്ദുൾ കബീർ.എം.യു. |
| S0196/19<br>പൊതു സ്ഥലങ്ങളിൽ പൊതു കക്കൂസ് നിർമ്മാണവും സോക്ക് പിറ്റ് നിർമ്മാണവും | 3,32,013 | 360065 | 28-12-17 | 19-3-18 | 1,80,241/-<br>36/19-11-18 | സന്തോഷ് കുമാർ. എം.ബി |
| S0170/19<br>ആയുർവ്വേദ ആശുപത്രി | 1,94,000 | 174801 | 11-12-17 | 21-3-18 | 189563/-<br>vr. No. 110/24-1-18 | സന്തോഷ് കുമാർ. എം.ബി |

| | | | | | | |
|---|---|---|---|---|---|---|
| റിപ്പയറിംഗ്. | | | | | | |
| S0157/19<br>മങ്ങാട് ചാത്തകുളം കല്ലിടുമ്പ് റോഡ് മെറ്റലിംഗ് ടാറിംഗ് | 288000 | 255254 | 22-9-17 | 4-11-17 | 21017/-<br>11/31-5-18 | അനൂപ്. പ്. മാത്യൂ |
| S0183/19<br>കണ്ണങ്ങത്ത് അയ്യപ്പൻ റോഡ് സൈഡ് പ്രൊട്ടക്ഷൻ | 237000 | 236819 | 20-1-18 | 29-3-18 | 174682/-<br>33/16-11-18 | സുധീഷ്. പി.കെ |
| S0090/19<br>കരിയന്നൂർ ശിവ വിഷ്ണു ക്ഷേത്രം റോഡ് സോളിംഗ് മെറ്റലിംഗ് ടാറിംഗ് | 610000 | 526132 | 30-7-18 | 10-10-18 | 110000/-<br>vr. No. 95/19-3-19<br>416132/-<br>85/27-3-19 | സുബൈർ. എസ്.വൈ |

പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (നമ്പർ 11/18-19 തീയതി 8-7-19) പ്രൊജക്ട് നമ്പർ 181/19, 176/19, 184/19, 170/19, 196/19 എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് പൂർത്തീകരിച്ച കരാറുകാരിൽ നിന്ന് പിഴ തുക ഈടാക്കി പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കുകയുണ്ടായി. ഇപ്രകാരം തുക കുറവു വരുത്താതെ ഫൈനൽ ബിൽ അനുവദിച്ച മുഴുവൻ കരാറുകാരിൽ നിന്നും തുക ഈടാക്കാനുള്ള നടപടി കൈക്കൊള്ളേണ്ടതുമാണ്.

# 3-14 ഗുണഭോക്തൃ സമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തി - അപാകതകൾ

2018-19 സാമ്പത്തിക വർഷം പൂർത്തിയാക്കിയ, ഗുണഭോക്തൃ സമിതി വഴി നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ അപാകതകൾ കാണുന്നു. പ്രവൃത്തിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൺവീനർ | അളവ് പുസ്തകം |
|---|---|---|---|---|---|---|
| 223/19 | 50,000 | 40620/- | 43/24- | അസി. | ലെനിൻ. | 13/18- |

| | | | | | | |
|---|---|---|---|---|---|---|
| കുണ്ടന്നൂർ വെട്ടിക്കൽ പാലം അറ്റകുറ്റപ്പണി. | | 2967/- | 11-18<br>61/7-1-19 | എഞ്ചിനീയർ | പി.ഡി. | 19 |

1. കരാർ ഉടമ്പടിയിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല

2. ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും, അംഗങ്ങളും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയാണെന്ന് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3. ഗുണഭോക്തൃ സമിതിയുടെ വരവ് ചെലവ് കണക്കുകൾ ആരുംതന്നെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ല.

4. മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

5. പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 30/18-19. തീയതി - 11-7-19.നമ്പർ) ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭരണ സമിതിയുടെ പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു

# 3-15 പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ തുക പിടിക്കാതെ തുടർ പ്രവൃത്തി നടത്തി

ഓഡിറ്റ് വർഷം പൂർത്തീകരിച്ച താഴെ പറയുന്ന പദ്ധതിയുടെ ഒന്നാം പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ തുക പിടിക്കാതെ തുടർപ്രവൃത്തി നടത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്, പ്രോജക്ട് നമ്പർ | മൊത്തം അടങ്കൽ | ആകെ പ്രവൃത്തി മൂല്യം | അളവു പുസ്തകം | കരാറുകാരൻ | ചെലവ് തുക, ട്രഷറി ബിൽ നം. |
|---|---|---|---|---|---|
| എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ അഴുക്കുചാൽ നിർമ്മാണം. S0130/19 | 12,04,000 | ഒന്നാം പാർട്ട് ബിൽ 10,86,453/- ഫൈനൽ ബിൽ 1,00,058/- | 78/18-19 പേജ് നമ്പർ 80<br>71/18-19 പേജ്നമ്പർ27 | ഫ്രഡി ഫ്രാൻസിസ്. എൻ. | 10,86,453/-<br>101/27-3-19.<br>1,00,058/-<br>1/9-5-19 |

ഒന്നാം പാർട്ട് ബില്ലിൽ കരാറുകാരനിൽ നിന്നും റിടെൻഷൻ പിടിക്കാതെ തുടർ പ്രവൃത്തി നിർവ്വഹിക്കപ്പെട്ടതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 28/18-19 തീയതി 11-7-2019) നൽകിയതിന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. റിടെൻഷൻ പിടിക്കാതെ തുടർ പ്രവൃത്തികൾക്ക് അംഗീകാരം നൽകുന്നത് അംഗീകരിക്കാവുന്നതല്ല. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-16 മൃഗാശുപത്രിക്ക് ഇരുമ്പു ഗോവണി -

# പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്ട് – മൃഗാശുപത്രിക്ക് ഇരുമ്പ് ഗേറ്റ്
പ്രോജക്ട് നമ്പർ - s0172/19.
അടങ്കൽ - 50,000/-
ചെലവ് - 27,332/- (പാർട്ട് ബിൽ).
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ
കരാറുകാരൻ - സുബൈർ. എസ്.വൈ.
എം.ബുക്ക് - 40/18-19.

മേൽ പ്രവൃത്തിക്കായി ടെണ്ടർ ലഭിച്ച കരാറുകരനുമായി 20-10-17 ന് കരാറിൽ ഏർപ്പെടുകയും അന്നുതന്നെ സ്ഥലം കൈമാറുകയും ചെയ്തിട്ടുള്ളതാണ്. കരാർ കാലാവധി 3 മാസമാണ്. പ്രവൃത്തി പൂർത്തീകരണത്തിനായി 31-03-2019 വരെ സമയം ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതായി കാണുന്നു. നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും നാളിതു വരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ ഇക്കാര്യം ബോദ്ധ്യപ്പെട്ടു. പ്രവൃത്തി പൂർത്തീകരണത്തിനുള്ള അടിയന്തിര നടപടി പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

# 3-17 ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതി -സബ്സിഡി മാർഗ്ഗ രേഖക്ക് വിരുദ്ധമായി പണം അധികം ചെലവഴിച്ചു

പ്രൊജക്ട് നം. - 15/18-19 ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി വിതരണം
വികസന ഫണ്ട് -100000/-
ബ്ലോക്ക് വിഹിതം -100000/-
ജില്ലാ പഞ്ചായത്ത് വിഹിതം -150000/- ക്ഷീരസംഘങ്ങൾ മുഖേന
ചെലവ് -350000/-
ട്രഷറി ബിൽ നം.1/18-19 തി.30.01.2019 തുക -100000/-
ചെക്ക് നം.2190321 /07.02.2019 തുക -250000/-

മേൽ പദ്ധതി പ്രകാരം ക്ഷീരസംഘങ്ങൾ മുഖേന പാൽ അളക്കുന്ന 118 ഗുണഭോക്താക്കൾക്ക് ഒരു ലിറ്റർ പാലിന് പരമാവധി 4/-രൂപ നിരക്കിൽ 3.80 രൂപ വീതം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ)നം.22/2018/തസ്വഭവ തി.14/02/2018 പ്രകാരം ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ,ഒരു ലിറ്റർ പാലിന് 4/-രൂപ തോതിൽ കണക്കാക്കി അത്രയും തുക നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/06.07.19) മറുപടിയായി തൻവർഷം പ്രളയം മൂലംഡിപ്പാർട്ട്മെന്റ് ഫണ്ട് അനുവദിക്കാതെ വരികയും,ഡയറി ഡിപ്പാർട്ട്മെന്റ് ജോയിന്റ് ഡയറക്ടറുടെ 8.10.2018ലെ ഇ മെയിൽ നിർദ്ദേശം പ്രകാരം ഒരു ലിറ്ററിന് മൊത്തം 4/-രൂപ എന്ന കണക്കിന് പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുകയാണ് ചെയ്തത് എന്ന് അറിയിച്ചു.ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 3-18 ഓഡിറ്റ് ഇംപാക്ട് - കിടാരിയെ വിതരണം

# ചെയ്യൽ -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പണം തിരികെ ഈടാക്കി

പ്രൊജക്റ്റ് നം.6/18-19 കിടാരിയെ വിതരണം ചെയ്യൽ ജനറൽ

അടങ്കൽ -1440000/-

വികസന ഫണ്ട് -720000/-

മറ്റുള്ളവ (ഗ്രാ.വി) -720000/-

ചെലവ് -792000/-

ട്രഷറി ബിൽ നം.2/27.10.2018 തുക -60000/-(വികസന ഫണ്ട്)

ട്രഷറി ബിൽ നം.4/15.11.2018 തുക -60000/-(വികസന ഫണ്ട്)

ട്രഷറി ബിൽ നം.17/21.03.2019 തുക -144000/-(വികസന ഫണ്ട്)

ട്രഷറി ബിൽ നം.12/21.03.2019 തുക -132000/-(വികസന ഫണ്ട്)

ടി പദ്ധതി പ്രകാരം 66 ഗുണഭോക്താക്കൾക്ക് കിടാരിയെ നൽകിയിട്ടുണ്ട്. 12മുതൽ 18 മാസം വരെ പ്രായമുള്ള പശുക്കുട്ടിയുടെ യൂണിറ്റ് വില 12000/- രൂപയിൽ 6000/-രൂപ സബ്സിഡിയും 6000/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. ടി ഫയൽ പരിശോധിച്ചതിൽ, ഗുണഭോക്താവും വെറ്റിനറി ഡോക്ടറും തമ്മിലുള്ള കരാർ പ്രകാരം ഉരുവിനെ മൂന്നുവർഷകാലയളവിൽ വിൽക്കുകയോ, കൈമാറുകയോ, അന്യാധീനപ്പെടുത്തുകയോ ചെയ്യുകയില്ലെന്നും ശാസ്ത്രീയമായി പരിപാലിക്കുമെന്നും അല്ലാത്തപക്ഷം സർക്കാരിനുണ്ടാകുന്ന നഷ്ടം നിയമാനുസൃതം സ്ഥാവര ജംഗമവസ്തുക്കളിൽ നിന്നും നിയമനടപടികൾ നടത്തി ഈടാക്കുന്നതിനും സമ്മതമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. വെറ്റിനറി ഡോക്ടറുടെ മോണിറ്ററിംഗ് റിപ്പോർട്ട് പ്രകാരം പത്മാവതി,കൊങ്കയിൽ വീട് എന്ന ഗുണഭോക്താവ് കിടാരിയെ വിറ്റു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഗുണഭോക്താവിൽ നിന്നും പദ്ധതിവിഹിതമായ 6000/- രൂപ തിരിച്ചുപിടിക്കുന്നതിനു സ്വീകരിച്ച നടപടി സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(15/09.07.19) മറുപടിയായി 6000/- രൂപ 11904010507/11.07.2019 നം. രശീതി പ്രകാരം പഞ്ചായത്തിൽ അടവാക്കി ഓഡിറ്റിന് ഹാജരാക്കി .

# 3-19 വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതികൾ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

A)പ്രൊജക്റ്റ് നം.5/18-19 പ്രത്യേക കന്നുകുട്ടി പരിപാലനം

അടങ്കൽ -1250000/-

വികസന ഫണ്ട് -312500/-

സംസ്ഥാനാവിഷ്കൃത ഫണ്ട് -312500/-

മറ്റുള്ളവ (ഗ്രാ.വി) -625000/-

ചെലവ് -1250000/-

ട്രഷറി ബിൽ നം.10/29.01.2019 തുക -312500/-(വികസന ഫണ്ട്)

തെരഞ്ഞെടുത്ത 50 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കുള്ള തീറ്റവിതരണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ അക്കൗണ്ട് നം.71301140000034ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. തീറ്റവിതരണം 2/2019 മുതൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭൗതികനേട്ട റിപ്പോർട്ട് ഓരോ വർഷവും ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതും ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

B)പ്രൊജക്ട് നം.5/18-19 പ്രത്യേക കന്നുകുട്ടി പരിപാലനം രണ്ടാംഘട്ടം വികസന ഫണ്ട് -312500/-

ചെലവ് -312500/-

ട്രഷറി ബിൽ നം.14/23.03.2019 തുക -312500/-

തെരഞ്ഞെടുത്ത 25 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്കുള്ള തീറ്റവിതരണത്തിനായി ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ തുക എസ്.എൽ.ബി.പി ഡെപ്യൂട്ടിഡയറക്ടറുടെ അക്കൗണ്ട് നം.71301140000034 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.തീറ്റവിതരണം 4/2019 മുതൽ ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭൗതികനേട്ട റിപ്പോർട്ട് ഓരോ വർഷവും ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതും ഫലപ്രദമായി നടക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പദ്ധതി അവസാനിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2018-19 | 843020 | s042/19 ലൈഫ് ഭവന നിർമ്മാണം | 843020 | 0 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2018-19 | 200000 | s001/19 അംഗൻവാടി പോഷകാഹാര പരിപാടി | 200000 | 0 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2018-19 | 375000 | s003/19 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 375000 | 0 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2018-19 | 305000 | s022/19 സമഗ്ര നെൽകൃഷി വികസനം | 305000 | 0 |
| ജില്ലാ പഞ്ചായത്ത് തൃശ്ശൂർ | 2018-19 | 150000 | S015/19 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | s007/19 പാലിയേറ്റീവ് കെയർ പദ്ധതി | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1750000 | So118/18 MRF യൂണിറ്റ് നിർമ്മാണം | 0 | 1750000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 900900 | so42/19 ലൈഫ് ഭവന നിർമ്മാണം | 900900 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 325000 | so03/19 ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 325000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | SO15/19ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 2018-19 | 2018000 | so22/19 സമഗ്ര നെൽകൃഷി വികസനം | 2018000 | 0 |

# 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB,കുണ്ടന്നൂർ | So20/ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21800979/14.11.18 | 83302 | 83302 | 83302 |
| KSEB,കുണ്ടന്നൂർ | സ്ട്രീറ്റ് മെയിൻ നീട്ടൽ വാർഡ് -11 | 21801310/28.1.18 | 13050 | 13050 | 13050 |
| KSEB,കുണ്ടന്നൂർ | അയ്യപ്പൻകാവ് കുടിവെള്ള പദ്ധതിക്കായി സ്ട്രീറ്റ് മെയിൻ നീട്ടൽ | 21801690/25.03.19 | 50700 | 50700 | 50700 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | so119/18 എസ്.സി കോളനികളിൽ ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ | 21701121/21.10.17 | 1000000 | 0 | 1000000 |

| | | | | | |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | s0133/18 ചിറ്റണ്ട സ്കൂൾ പരിസര കോളനി കുടിവെള്ള പദ്ധതി | 21701118/21.10.17 | 200000 | 0 | 200000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | s0120/18 വടക്കേമുക്ക് കുടിവെള്ള പദ്ധതി | 21701140/21.10.17 | 500000 | 0 | 500000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | s0202/18 നെല്ലിക്കപ്പറമ്പ് കോളനി കുടിവെള്ള പദ്ധതി | 21701131/20.01.18 | 150000 | 0 | 150000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | s0119/19 തോട്ടുപാലം വടക്ക് കുടിവെള്ള പദ്ധതി | 21800329/07.06.18 | 600000 | 0 | 600000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | s0123/19 ചിറ്റണ്ട ലക്ഷം വീട് കുടിവെള്ള പദ്ധതി | 21800506/28.07.18 | 500000 | 0 | 500000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | s0124/19 മങ്ങാട് തോട്ടുപാലം കുടിവെള്ള പദ്ധതിക്ക് ബോർവെൽ | 21800507/28.07.18 | 200000 | 0 | 200000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | s0122/19 ആറ്റത്ര കുടിവെള്ള പദ്ധതി | 21800328/07.07.18 | 500000 | 0 | 500000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-4 വായ്പാ/വായ്പാ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ / തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതിക്കായി സർക്കാർ മുഖേനയുള്ള വായ്പ | G.O(MS) No.68/2018/LSGD TVm Dated.18/05/18 | 6084080 | 0 | 0 | 6084080 |

# 4-5 സ്ഥിരനിക്ഷേപം

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതി നമ്പർ/തിയതി |
|---|---|---|---|---|
| 2014-15 | 2-1 | 1500 | ദേവസ്വം ഓഫീസർ, നെല്ലുവായ് ദേവസ്വം | 118040102464/ 21.07.18 |
| 2014-15 | 2-1 | 1200 | ദേവസ്വം ഓഫീസർ, നെല്ലുവായ് ദേവസ്വം | 118040102477/ 23.07.18 |
| 2014-15 | 2-1 | 1200 | ദേവസ്വം ഓഫീസർ, നെല്ലുവായ് ദേവസ്വം | 118040102483/ 23.07.18 |
| 2014-15 | 2-1 | 900 | ദേവസ്വം ഓഫീസർ, നെല്ലുവായ് ദേവസ്വം | 118040102499/ 24.07.18 |
| 2014-15 | 2-1 | 1200 | ദേവസ്വം ഓഫീസർ, നെല്ലുവായ് ദേവസ്വം | 118040102524/ 25.07.18 |
| 2014-15 | 2-1 | 1200 | ദേവസ്വം ഓഫീസർ, നെല്ലുവായ് ദേവസ്വം | 118040102527/ 25.07.18 |
| 2014-15 | 2-1 | 1200 | ദേവസ്വം ഓഫീസർ, | 118040102576/ 27.07.18 |

| | | | | |
|---|---|---|---|---|
| | | | നെല്ലുവായ് ദേവസ്വം | |
| 2014-15 | 2-1 | 1200 | ദേവസ്വം ഓഫീസർ, നെല്ലുവായ് ദേവസ്വം | 118040102856/ 23.08.18 |
| 2014-15 | 2-1 | 2000 | ദേവസ്വം ഓഫീസർ, നെല്ലുവായ് ദേവസ്വം | 118040102577/ 27.07.18 |
| | ആകെ | 11600 | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ്റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.2.2.1 | 2016-17 | അനുബന്ധം 3, 4 | വസ്തുനികുതി, തൊഴിൽനികുതി അപാകത സംബന്ധിച്ച് | 2.8.18 ന് ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട് |
| 2015-16 | 2.1 | 2016-17 | അനുബന്ധം 5 | 15-16 തൊഴിൽനികുതി അപാകത | 2.8.18 ന് ന്യൂനത പരിഹാര പത്രിക സമർപ്പിച്ചിട്ടുണ്ട് |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,68,47,687 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,09,36,924 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,63,000 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 113000 | ശ്രീ. കുരിയൻ. ടി.പി (സെക്രട്ടറി) |
| 3-8 | 450000 | ശ്രീ. ഫ്രാൻസിസ്. ഒ.എം (സെക്രട്ടറി) |
| ആകെ | 563000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും
ഇല്ല

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1980-81 | എൽ.എഫ്.ടി. 20 – 1249/98 /28.9.98 |
| 1981-82 | |
| 1982-83 | |
| 1983-84 | |
| 1984-85 | |
| 1985-86 | എൽ.എഫ്.ടി. 7 – 326/90/6.8.1990 |
| 1986-87 | എൽ.എഫ്.ടി. 7 – 326/90/6.8.1990 |
| 1987-88 | എൽ.എഫ്.ടി. 7 – 829/90/10.10.19991 |
| 1988-89 | എൽ.എഫ്.ടി. 9 – 230/1993/21.7.1993 |
| 1989-90 | എൽ.എഫ്.ടി. 9 – 230/1993/21.7.1993 |
| 1989-90, 1991-92 | എൽ.എഫ്.ടി. 9 – 362/1993/14.5.1993 |
| 1992-93, 1993-94 | എൽ.എഫ്.ടി. 9 – 431/95/25.6.96 |
| 1994-95 | എൽ.എഫ്.ടി. 20 – 75/2001/07.4.2001/31.5.2001 |
| 1995-96 | എൽ.എഫ്.ടി. 20 – 89/2001/7.4.2001 / 31.5.2001 |
| 1996-97 | എൽ.എഫ്.ടി. 9 – 426/98/26.9.98 |
| | |

| | |
|---|---|
| 1997-98,<br>1998-99 | എൽ.എഫ്.ടി. 20 – 20/1734/1999/5.8.2000 |
| 1999-2000 | എൽ.എഫ്.ടി. 20 – 20/685/2004 |
| 2000-2001,<br>2001-02 | എൽ.എഫ്.ടി. 17/686/2004 |
| 2002-03 | എൽ.എഫ്.ടി. 17 – 444/ 2006/17.6.2006 |
| 2003-04 | എൽ.എഫ്.ടി. 17 – 2207/2007/31.5.08 |
| 2004-05 | എൽ.എഫ്.ടി. 17 – 2425/2007/31.5.08 |
| 2005-06 | എൽ.എഫ്.ടി. 17- 2426/2007/16.10.08 |
| 2006-07 | എൽ.എഫ്.ടി. 17 – 1130/10/20.1.2011 |
| 2007-08 | എൽ.എഫ്.ടി.17 – 1131/10/ 20.1.2011 |
| 2008-09 | എൽ.എഫ്.ടി. ( പി3) 218/11/29.11.2011 |
| 2009-10 | എൽ.എഫ്.ടി. (പി 3) 218/11/29.11.2011 |
| 2010-11 | എൽ.എഫ്.ടി. (പി 1)2274 / 12/8.3.13 |
| 2011-12 | എൽ.എഫ്.ടി.(പി 1) 732/13/12.8.13/ 17.10.13 |
| 2012-13 | എൽ.എഫ്. ടി.(പി 5) 2148 / 13/ 5.7.14 /30.9.14 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.5.327/<br>15/20.8.15/5.10.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.5/1217/16/23.7.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.5/2227/16/6.1.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ പി5-195/17 തീയതി<br>29.08.17/06.10.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ.(പി5)1727/2018 തീയതി<br>23.11.2018 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എരുമപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 വാർഷികധനകാര്യപത്രികയുടെ സംക്ഷിപ്തം

<table>
<tr><td></td><td>സംക്ഷിപ്തം(AuditedAbstract)</td><td rowspan="4">പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്</td></tr>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ